"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പുന്നപ്പാടം എ.എം.എൽ.പി സ്കൂളിലെ ഭിന്നശേഷി സംവരണ നിയമനം സംബന്ധിച്ച് ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2570/2025/GEDN തീയതി,തിരുവനന്തപുരം, 09-04-2025**

---

പരാമർശം:-
1. പാലക്കാട് പുന്നപ്പാടം എ.എം.എൽ.പി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 09/08/2023 തീയതിയിലെ പുന:പരിശോധനാ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/07/2024 തീയതിയിലെ ജി1/16489/2023/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് പുന്നപ്പാടം എ.എം.എൽ.പി സ്കൂളിൽ 01-06-2023 മുതൽ ഒരു എൽ.പി.എസ്.ടി. തസ്തിക (സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന ഒഴിവ്) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട അധ്യാപകർക്ക് വിട്ടുകൊടുത്തുകൊണ്ട് ടി സ്കൂൾ മാനേജർ അനുമതി നൽകിയിട്ടുണ്ട് എന്നും എന്നാൽ, 02-06-2004 മുതൽ കാഴ്ചപരിമിത ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീ പി.എച്ച്. സൈജുദ്ദീനെ ടി സ്കൂളിൽ നിയമിച്ചത് ബാക്ക് ലോഗിൽ ഉൾപ്പെടുത്തി പരിഗണിക്കണമെന്നും എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ ശ്രവണപരിമിത ഭിന്നശേഷി എൽ.പി.എസ്.ടി. ഉദ്യോഗാർത്ഥിയെ 01-06-2023-ന് ഉണ്ടായ ഒഴിവിൽ നിയമിക്കുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**2.** ഭിന്നശേഷി സംവരണം ബാക്ക് ലോഗ് കണക്കാക്കിയുള്ള നിയമനം സംബന്ധിച്ച് റോസ്റ്റർ തയ്യാറാക്കുന്നതിനും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ട്

കിടക്കുന്ന അധ്യാപക നിയമനങ്ങൾ അംഗികരിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പുന്നപ്പാടം എ.എം.എൽ.പി.സ്കൂളിലെ രണ്ട് നിയമനങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട് എന്നും, സ്കൂൾ മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 01-06-2023 മുതൽ വരുന്ന വ്യവസ്ഥാപിതമായ ഒഴിവിൽ ശ്രുവണപരിമിത ഭിന്നശേഷി എൽ.പി.എസ്.ടി.യെ നിയമിക്കുവാൻ സമ്മതമാണ് എന്ന് മാനേജർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി രണ്ട് നിയമനങ്ങളും അംഗീകരിച്ച് നൽകിയത് എന്നും, ടി സ്കൂളിലെ അറബിക് അധ്യാപകനായി ശ്രീ.പി.എസ്. സൈജുദ്ദീനെ 02-06-2004 മുതൽ നിയമിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12-12-2011-ലെ എച്ച്2/35920/2011 പ്രകാരം എഫ്.ടി. അറബിക് അധ്യാപകനായി 01-06-2011 മുതൽ നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട് എന്നും, 10-06-2019-ന് ശ്രീ.പി.എച്ച്. സൈജുദ്ദീൻ രാജിവെച്ച് ഗവൺമെന്റ് സ്കൂളിൽ പി.എസ്.സി. മുഖേന ജൂനിയർ അറബിക് അധ്യപകനായി സേവനത്തിൽ പ്രവേശിച്ചു എന്നും, ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിന് നിലവിൽ ടി സ്കൂളിൽ സേവനത്തിൽ തുടരാത്ത ശ്രീ സൈജുദ്ദീനെ ഉൾപ്പെടുത്തി ഭിന്നശേഷി സംവരണ നിയമങ്ങൾ അട്ടിമറിക്കുന്നതിനും വകുപ്പിനെ തെറ്റിദ്ധരിപ്പിക്കുന്നതിനുമാണ് മാനേജർ ശ്രമിക്കുന്നത് എന്നും, ഭിന്നശേഷിയുമായി ബന്ധപ്പെട്ട സർക്കാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് നിയമനം ലഭിച്ച ശ്രീ. പി.എച്ച് സൈജുദ്ദീൻ ഇപ്പോൾ ടി സ്കൂളിൽ സേവനം തുടരാത്തതിനാലും ടി സ്കൂൾ മാനേജർ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് നിയമനങ്ങൾ അംഗീകരിച്ച് നൽകിയ സാഹചര്യത്തിലും ശ്രുവണപരിമിത ഭിന്നശേഷി എൽ.പി.എസ്.ടി. ഉദ്യോഗാർത്ഥിയെ ഒഴിവാക്കിത്തരണമെന്ന അപേക്ഷ പരിഗണിക്കാൻ കഴിയുന്നതല്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 11.4.2024 തീയതിയിലെ JR1/17/2024/GEDN പ്രകാരം 23.11.2022 തീയതിയിലോ അതിന് മുമ്പോ ഏതെങ്കിലും എയ്ഡഡ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഭിന്നശേഷിക്കാരുടെ നിയമനം മാനേജർമാർ നേരിട്ട് നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ഭിന്നശേഷി സംവരണനിയമത്തിന്റെ

പരിധിയിൽപ്പെടുത്തി അംഗീകരിക്കാമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അതിന്റെ അടിസ്ഥാനത്തിൽ 02-06-2004 മുതൽ കാഴ്ചപരിമിത ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീ പി.എച്ച്.സൈജുദ്ദീനെ ടി സ്കൂളിൽ നിയമിച്ചത് ബാക്ക് ലോഗിൽ ഉൾപ്പെടുത്തി പരിഗണിക്കാവുന്നതായിരുന്നു എങ്കിലും ടിയാൾ നിലവിൽ ടി സ്കൂളിൽ സേവനം തുടരാത്തതിനാലും, ടി സ്കൂൾ മാനേജർ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് നിയമനങ്ങൾ അംഗീകരിച്ച് നൽകിയ സാഹചര്യത്തിലും, കാഴ്ചപരിമിത ഭിന്നശേഷി ഉദ്യോഗാർത്ഥിയായ ശ്രീ.പി.എച്ച്.സൈജുദ്ദീനെ ടി സ്കൂളിൽ നിയമിച്ചത് ബാക്ക് ലോഗിൽ ഉൾപ്പെടുത്തി പരിഗണിക്കണമെന്നും എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ ശ്രവണപരിമിത ഭിന്നശേഷി എൽ.പി.എസ്.ടി. ഉദ്യോഗാർത്ഥിയെ 01-06-2023-ന് ഉണ്ടായ ഒഴിവിൽ നിയമിക്കുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് പാലക്കാട് പുന്നപ്പാടം എ.എം.എൽ.പി.സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി പരിഗണനാർഹമല്ലാത്തതിനാൽ ടി ഹർജി നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട്.
മാനേജർ, എ.എം.എൽ.പി സ്കൂൾ, പുന്നപ്പാടം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എം.എൽ.പി സ്കൂൾ, പുന്നപ്പാടം, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (ജെഎ.1/391/2024/പൊവിവ
തീയതി 17.1.2025)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (B3/229/2023/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 09-04-2025 11:04:40